(25) കണ്ടശ്ശാംകടവ് ഹൈസ്ക്കൂൾ നശിപ്പിച്ച സംഭവം

ശ്രീ. മുരളി പെരുനെല്ലി : കേരളത്തിന്റെ സാമൂഹ്യ മാറ്റത്തിന് അടിസ്ഥാന ശില പാകിയ 1957-ലെ ഇ.എം.എസ്. മന്ത്രിസഭയിലെ വിദ്യാഭ്യാസ മന്ത്രിയായിരുന്ന മഹാനായ പ്രൊഫ. ജോസഫ് മുണ്ടശ്ശേരിയുടെ നാമധേയത്തിലുള്ള മണലൂർ മണ്ഡലത്തിലെ കണ്ടശ്ശാംകടവ് സർക്കാർ ഹൈസ്കൂളിന്റെ ഓഫീസും ക്ലാസ് റൂമുകളും കഴിഞ്ഞ ഡിസംബർ 21-ന് രാത്രി തീവച്ച് നശിപ്പിച്ചിരിക്കുന്നു. ഈ വർഷം 100 ശതമാനം റിസൽട്ട് നേടിയ സർക്കാർ ഹൈസ്കൂളാണിത്. ഓഫീസിലെ ലാപ്ടോപ്, മൈക്ക്, ക്യാമറ, അതുപോലെ വിതരണം ചെയ്തിട്ട് ബാക്കിയുള്ള പാഠപുസ്തകങ്ങൾ എന്നിവ തീവച്ച് നശിപ്പിച്ചിരിക്കുകയാണ്. അറിവിന്റെ അഗ്നി പകർന്നുകൊടുക്കുന്ന വിദ്യാഭ്യാസ സ്ഥാപനത്തെ ചാമ്പലാക്കിയ ആരായാലും അവർ മാപ്പർഹിക്കുന്നില്ല. അതുകൊണ്ട് അടിയന്തരമായി കുറ്റക്കാരെ കണ്ടുപിടിച്ച് മാതൃകാപരമായി ശിക്ഷിക്കാനുള്ള നടപടിയുണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ) : ബഹുമാനപ്പെട്ട അംഗം. മുരളി പെരുനെല്ലി പറഞ്ഞ സംഭവം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഈ സംഭവവുമായി ബന്ധപ്പെട്ട് സ്കൂൾ ഹെഡ്മാസ്റ്ററുടെ പരാതിപ്രകാരം ക്രൈം 926/2010-ാം നമ്പരായി അന്തിക്കാട് പോലീസ് സ്റ്റേഷനിൽ ഒരു കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരികയാണ്. ഫിംഗർ പ്രിന്റ് വിദഗ്ദ്ധരുടെയും സയന്റിഫിക് അസിസ്റ്റന്റിന്റെയും സേവനം ഉപയോഗപ്പെടുത്തി ശാസ്ത്രീയമായ അന്വേഷണം ആരംഭിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച് നിരവധി പേരെ ചോദ്യം ചെയ്യുകയും പ്രതികളെ കണ്ടുപിടിക്കുന്നതിനുള്ള നടപടി ഊർജ്ജിതമായി ആരംഭിച്ചിട്ടുമുണ്ട്. ജില്ലാ പോലീസ് സൂപ്രണ്ട് സംഭവസ്ഥലം സന്ദർശിക്കുകയും കേസ്സന്വേഷണം വിലയിരുത്തുകയും ചെയ്തിട്ടുണ്ട്. പ്രതികളെ പിടികൂടുന്നതിനാവശ്യമായ സത്വര നടപടി സ്വീകരിക്കണമെന്ന് ജില്ലാ പോലീസ് സൂപ്രണ്ടിന് നിർദ്ദേശം നൽകുന്നതാണ്.

(26) താലൂക്ക് ആശുപത്രിയിൽ കോൾപ്പോസ്കോപ്പി പരിശോധന

ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി: സർ, കേരളത്തിലെ താലൂക്ക് ആശുപത്രികളിൽ കോൾപ്പോസ്കോപ്പി പരിശോധന നിർബന്ധമാക്കാൻ നടപടി സ്വീകരിക്കുന്നതിനുവേണ്ടിയുള്ള ഒരു സബ്മിഷനാണ് ഇത്. ഈയിടെ മലബാർ ക്യാൻസർ കെയർ സൊസൈറ്റിയും ഗൈനക്കോളജിക്കൽ സൊസൈറ്റിയും സംഘടിപ്പിച്ച ശിൽപ്പശാലയിൽ ഗർഭാശയ ക്യാൻസർ ബാധിച്ച് മരിക്കുന്നവരിൽ നാലിലൊന്ന് ഇൻഡ്യക്കാരാണെന്ന് ഇന്റർനാഷണൽ ഏജൻസി ഫോർ റിസർച്ച് ക്യാൻസർ സ്ക്രീനിംഗ് മേധാവി ഡോ. ആർ. ശങ്കരനാരായണൻ പറയുകയുണ്ടായി. ഇൻഡ്യയിൽ ഒരു വർഷം 80,000-ഓളം ആളുകൾ മരിക്കുന്നുണ്ട്. ഒരു വർഷം 1.3 ലക്ഷം കേസ്സുകൾ റിപ്പോർട്ട് ചെയ്യപ്പെടുന്നുണ്ട്. ഇത് സംബന്ധിച്ച് വാക്സിനുണ്ട് അതുപോലെതന്നെ കോൾപ്പോസ്കോപ്പി

LIBRARY ARCHIVES Kerala Legislative Assembly